# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2027 | 16.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക് സേവന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി. ഉണ്ണി | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | കേന്ദ്ര സർക്കാർ ഈയിടെ നടപ്പിലാക്കിയ ചരക്ക് സേവന നികുതി സംസ്ഥാന താൽപ്പര്യങ്ങളെ ഏതെങ്കിലും തരത്തിൽ ദോഷകരമായി ബാധിക്കും എന്ന് കരുതുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) യും (ബി) യും | ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമേ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ടെലികോം, ഇൻഷുറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. കൂടാതെ വികസിത രാജ്യങ്ങളിൽ സേവനമേഖല പൊതുവെ അഭൂതപൂർവ്വമായ വളർച്ചയാണ് രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ആയതിനാൽ സേവനമേഖലയിൽ നികുതി ഈടാക്കാനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് ലഭ്യമാകുന്നതിലൂടെ സംസ്ഥാനത്തിന് നേട്ടമുണ്ടാകുമെന്നാണ് വിലയിരുത്തപ്പെടുന്നത്. ജി.എസ്.ടി നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം 2015-16 ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷം തോറും കണക്കാക്കി ആദ്യ അഞ്ച് വർഷത്തേക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകുന്ന രീതിയിൽ GST Compensation Act പാസ്സാക്കിയിട്ടുണ്ട്. |
| (ബി) | ജി.എസ്.ടി. നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തിനുണ്ടായതായി കരുതപ്പെടുന്ന വൈഷമ്യങ്ങൾ ലഘൂകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | ഇതുകൊണ്ട് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ തുടക്കത്തിൽ ജി.എസ്.ടി പ്രതികൂലമായി ബാധിക്കുകയില്ല. "ജി.എസ്.ടി" നടപ്പിലാക്കുന്നതിന്റെ ഫലമായി വ്യാപാരികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് സർക്കാർ മനസ്സിലാക്കിയിട്ടുണ്ട്. വ്യാപാരികൾക്കുണ്ടാകുന്ന പ്രധാന ബുദ്ധിമുട്ടുകളെല്ലാം തന്നെ ജി.എസ്.ടി.എൻ ഓൺലൈൻ സംവിധാനവുമായി ബന്ധപ്പെട്ടതാണ്. ഇത് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും അനുഭവപ്പെടുന്നുണ്ട്. ഓൺലൈൻ സംവിധാനത്തിലെ പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കുന്നതിന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. നികുതി നിരക്കുകൾ നിർണ്ണയിച്ചിട്ടുള്ളത് അഖിലേന്ത്യാതലത്തിൽ നിലവിലുണ്ടായിരുന്ന വ്യത്യസ്ത നികുതികളുടെ അടിസ്ഥാനത്തിലാണ്. ആയതിൽ സംസ്ഥാനത്ത് നികുതി ഭാരം താരതമ്യേന ലഘുവായിരുന്നതും കേരളത്തിലെ സാമൂഹ്യ ജീവിതത്തിൽ സുപ്രധാനവുമായ ചില മേഖലകളിൽ ഉയർന്ന നികുതി ഭാരം വന്നിട്ടുണ്ട്. ഹോട്ടൽ ഇതിന് ഉദാഹരണമാണ്. പരമ്പരാഗത തൊഴിൽ മേഖലകളെ ബാധിക്കുന്ന തരത്തിലുള്ള നികുതി നിരക്കുകളും ഉണ്ട്. ഇതെല്ലാം കുറയ്ക്കണമെന്നോ ഒഴിവാക്കണമെന്നോ കേരളം ശക്തമായ നിലപാടാണ് സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

| Sl. No. | Department Name | Main Project Name | Sub Project Name | Poject Outlay (Rs. In Crore) | Remarks |
|---|---|---|---|---|---|
| 1 | PWD | 68 Bridges | Construction of New Ranni Valiya Bridge | 27.75 | Included in the agenda for 3rd executive committee of KIIFB |
| 2 | General Education | PPE Mission- Upgradation of one school in each constituency | Vechoochira Colony Govt. H.S.S (Ranni Constituency) | 5.92 | On satisfactory compliance of KIIFB stipulation, sanction order to commence the work will be issued |
| 3 | Health & Family Welfare | Cath Labs, Basic Infrastructure in MCC, KCC, MHH Thiruvananthapuram, Kozhikode (100) | Setting up of Dialysis Centres in THQH Ranni | 69.00 * | Estimate to be submitted by KHRWS |
| 4 | PWD | 68 bridges | Construction of New Bridge parallel to the existing Vadasserikkara Bridge across Kallar River in Mannarakulanji - Pampa road in Pathanamthitta District | 14.95 | Reply on Appraisal report pending from SPV |

* Total Project Outlay